# കൈരളി അഗ്രികൾച്ചർ എംഎസ് സിഎസ് ത്രിദിന ചിത്രകലാപ്രദർശനത്തിന് നാളെ തുടക്കം

തൃശൂർ: കൈരളി അഗ്രികൾച്ചർ മൾട്ടി-സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ നേതൃത്വത്തിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സ്പെഷ്യലി ഏബിൾഡ് കലാകാരന്മാർ തയ്യാറാക്കിയ കലാസൃഷ്ടികളുടെ ത്രിദിന പ്രദർശനം 'എക്കോസ് ഓഫ് ദി വാർമിങ് വേൾഡ്' കേരള ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിൽ നാളെ മുതൽ അഞ്ച് വരെ നടക്കും.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അസാധാരണ പ്രതിഭയുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന 100 കലാകാരന്മാർ കാൻവാസിൽ കൈകൊണ്ട് വരച്ച 100 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ആഗോള താപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുക എന്നതാണ് പ്രദർശനത്തിന്റെ പ്രധാന ലക്ഷ്യം.

ചിത്രങ്ങൾ വരച്ച കലാകാരന്മാരെ സാമ്പത്തികമായി പിന്തുണക്കുകയും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ അന്താരാഷ്ട്ര വേദി നൽകുകയെന്നതും പ്രദർശനത്തിന്റെ ലക്ഷ്യമാണെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രദർശനത്തിന്റെ ഉദ്ഘാടനം നാലിന് രാവിലെ 11ന് ഗുരുവായൂർ ദേവസ്വം ചുമർചിത്ര പഠന കേന്ദ്രം റിട്ട. പ്രിൻസിപ്പൽ ഡോ.കെ.യു.കൃഷ്ണകുമാർ നിർവഹിക്കും. കലാസൃഷ്ടികൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ഗ്ലോബലി വിവിധ വേദികളിലും പ്രദർശിപ്പിക്കും.

ചിത്രപ്രദർശനത്തിന്റെ ഔദ്യോഗിക റേഡിയോ പാർട്ണർ മൈ റേഡിയോ 90 എഫ്എം ആണ്. രാവിലെ 10 മുതൽ വൈകീട്ട് അഞ്ച് വരെയാണ് പ്രദർശന സമയം. പ്രവേശനം സൗജന്യം. കൈരളി അഗ്രികൾച്ചർ എംഎസ് സിഎസ് ലിമിറ്റഡ് ചെയർമാൻ കെ.വി.അശോകൻ, പ്രമോട്ടർ ദയാനന്ദ് പത്മാലയം, ഡയറക്ടർമാരായ ജെസ്ലിൻ ജെയിംസ്, നിഷ രാജു, ലോ കാർബൺ സൊല്യൂഷൻസ് സിഇഒ വി.കെ.ലതീഷ് പങ്കെടുത്തു.